# സിപിഎസുകൾക്കുള്ള ഒരു വർഷത്തെ പ്രവർത്തന രൂപരേഖ

1. **പ്രാരംഭ പ്രവർത്തനങ്ങൾ**

1.1. സിപിഎസ് പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ തെങ്ങിന്റെ ചങ്ങാതിമാരെ ഉപയോഗപ്പെടുത്തി രോഗകീടബാധ കണ്ടെത്തുകയും പ്രതിരോധ മാർഗ്ഗങ്ങൾ കൂട്ടായി അവലംബിക്കുകയും ചെയ്യുക.

1.2. അടുത്ത സാമ്പത്തിക വർഷം തെങ്ങിന്റെ ചങ്ങാതിക്കൂട്ടത്തിൽ പരിശീലനം നേടാൻ തൽപരരായവരെ തെരഞ്ഞെടുത്ത് പരിശീലിപ്പിക്കുകയും സിപിഎസ്കളിൽ അവരുടെ സേവനം ഉറപ്പ് വരുത്തുകയും ചെയ്യുക.

1.3. കേരസുരക്ഷ പദ്ധതിയനുസരിച്ച് സിപി എസ്ന്റെ പരിധിയിൽ വരുന്ന തെങ്ങുകൾ ഇൻഷുർ ചെയ്യാൻ അംഗങ്ങളെ പ്രേരിപ്പിക്കുക.

1.4. സിപിഎസ് നേതൃത്വത്തിന് ഏർപ്പെടുത്തിയിരി ക്കുന്ന പരിശീലന പരിപാടിയിൽ കുറഞ്ഞത് 3 പേരെയെങ്കിലും പങ്കെടുപ്പിക്കുകയും പരിശീലനത്തിലൂടെ നേടിയ വിജ്ഞാനം പരമാവധി പ്രയോജനപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യുക.

1.5. സിപിഎസ്‌ലെ അംഗങ്ങൾക്ക് ആവശ്യമായ വളങ്ങളും കീടനാശിനികളും ഒരുമിച്ച് ശേഖരിക്കുകയും, കൂട്ടായ പ്രയോഗത്തിലൂടെ ഇതിലേക്കുള്ള ചെലവുകൾ പരമാവധി കുറയ്ക്കുകയും ചെയ്യുക.

1.6. ജൈവവളങ്ങൾ അംഗങ്ങൾ സ്വന്തമായോ ഒരുമിച്ചോ ഉത്പാദിപ്പിക്കുവാൻ പ്രോത്സാഹിപ്പിക്കുകയും അവയ്ക്കുള്ള സഹായ പദ്ധതികൾ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുക.

1.7 മാസത്തിലൊരിക്കലെങ്കിലും അംഗങ്ങളുടെ യോഗം ചേരുകയും പദ്ധതികൾ ആസൂത്രണം ചെയ്യുകയും പുരോഗതി യഥാസമയം വിലയിരുത്തുകയും, പദ്ധതി നടത്തിപ്പിൽ പോരായ്മകൾ ഉണ്ടെങ്കിൽ പരിഹരിക്കുകയും ചെയ്യുക.

2. **സമഗ്ര കേരവികസനപദ്ധതി (എൽ.ഒ.ഡി.പി.)**

2.1 തെരഞ്ഞെടുക്കപ്പെട്ട സിപിഎസുകളിലൂടെ മാത്രമാണ് ഈ വർഷത്തെ സമഗ്ര കേരവികസനപദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കുവാൻ അനുയോജ്യമായ സ്ഥലങ്ങളിലുള്ള സിപിഎസ്കൾ പ്രാരംഭ പ്രവർത്തനത്തിനുള്ള തയ്യാറെടുപ്പുകൾ ആരംഭിക്കുക.

3. **അംഗങ്ങളുടെ വായ്പ ആവശ്യങ്ങൾ നിറവേറ്റൽ**

3.1 സിപിഎസ് അംഗങ്ങൾക്ക് കിസാൻ ക്രെഡിറ്റ് കാർഡ് ലഭ്യമാക്കുവാൻ നടപടിയെടുക്കുക.

3.2 സംസ്ഥാനഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള പലിശരഹിത വായ്പ സൗകര്യം അംഗങ്ങൾക്ക് ലഭിക്കാനുള്ള അവസരം പ്രയോജനപ്പെടു ത്തുക.

4. **കൊപ്ര സംഭരണം**

4.1 താങ്ങുവിലയ്ക്ക് കൊപ്ര സംഭരിക്കുവാനുള്ള കേന്ദ്രങ്ങളായി സിപിഎസ്കളെ അംഗീകരിച്ചിട്ടുള്ളതിനാൽ എത്രയും വേഗം സംഭരണ പ്രവർത്തനങ്ങൾ ആരംഭിച്ച് അംഗങ്ങൾക്ക് താങ്ങുവിലയുടെ ആനുകുല്യം ലഭ്യമാക്കുക.

4.2 സിപിഎസ്കൾ അംഗങ്ങളിൽ നിന്നും നാളികേരം സംഭരിച്ച് കൊപ്രയാക്കി സംസ്ഥാനതല സംഭരണ ഏജൻസികൾക്ക് നേരിട്ട് നൽകുകയും അംഗീകൃത സംഭരണ ഏജൻസി കൾക്ക് ലഭ്യമായ എല്ലാ ആനുകൂല്യങ്ങളും കൈപ്പറ്റുകയും ചെയ്യുക.

4.3 ആധുനിക കൊപ്രഡ്രയറുകൾ സ്ഥാപിച്ച് ഗുണനിലവാരമുള്ള കൊപ്ര നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അടിയന്തിരമായി നടപ്പിലാക്കുക.

5. **ഇടവിളക്കൃഷി പ്രോത്സാഹനം**

5.1 ഇടവിളക്കൃഷി പ്രോത്സാഹിപ്പിച്ച് ഉൽപന്നങ്ങൾ കൂട്ടായ ശ്രമങ്ങളിലൂടെ വിപണനം ചെയ്യുക.

5.2 ഇടവിളകൾക്കുള്ള വിത്തുകളും, തൈകളും വിഎഫ്പിസികെ, സംസ്ഥാനഹോർട്ടികൾച്ചറൽ മിഷൻ മുതലായ ഏജൻസികളിലൂടെ അംഗങ്ങൾക്ക് ലഭ്യമാക്കുക.

5.3 ഇടവിളകൃഷിക്കുള്ള കേന്ദ്ര- സംസ്ഥാന ഏജൻസികളുടെ പദ്ധതികളുടെ ഗുണഭോക്താക്കളാകുവാൻ അംഗങ്ങളെ സഹായിക്കുക.

5.4 സംസ്ഥാനബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്ന പ്രിസിഷൻ ഫാമിംഗ് പദ്ധതിയുടെ അവസരങ്ങൾ പ്രയോജനപ്പെടുത്തുക.

6. **കരിക്കിന്റെ വിളവെടുപ്പ്, വിപണനം**

6.1 പരമാവധി കരിക്ക് സിപിഎസ്ൽ നിന്നും ശേഖരിച്ച് വിപണനത്തിനായി തയ്യാറാക്കുക.

6.2 ഇളനീരിന്റെ ഉത്പാദനം, ഉപഭോഗം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുവാനുള്ള അവസ രങ്ങൾ പ്രയോജനപ്പെടുത്തുക.

6.3 സംസ്ഥാനസർക്കാർ ഇളനീരിനെഔദ്യോഗിക പാനീയമായി അംഗീകരിച്ച സാഹചര്യത്തിൽ 2012 -13 ഇളനീർ വർഷമായി ആചരിക്കുക.

6.4. സാധ്യമായ സ്ഥലങ്ങളിൽ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ ഇളനീർ പന്തലുകൾ ആരംഭിക്കുക.

7. **വിവരശേഖരണം**

7.1 സിപിഎസ്കളുടെ പരിധിയിൽ വരുന്ന തെങ്ങുകളുടെ എണ്ണം, തെങ്ങുകളുടെ പ്രായം, നിലവിലുള്ള തെങ്ങിനങ്ങൾ എന്നിവയുടെ കൃത്യമായ കണക്ക് ശേഖരിക്കുക.

7.2. ഓരോ അംഗത്തിന്റേയും വാർഷിക നാളികേ രോത്പാദനം കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുക.

7.3. നെടിയ ഇനം, കുറിയ ഇനം, സങ്കരയിനം തെങ്ങുകളുടെ വിവരങ്ങൾ തരംതിരിച്ച് ശേഖരിക്കുകയും അവയുടെ ഉത്പാദനക്ഷമത രേഖപ്പെടുത്തുകയും ചെയ്യുക.

7.4. കരിക്ക് ശേഖരിക്കുവാൻ അനുയോജ്യമായ തെങ്ങുകളുടെ വിവരങ്ങൾ ശേഖരിക്കുക.

7.5. 50 വർഷത്തിലേറെ പ്രായമുള്ളതും, കാറ്റുവീഴ്ച രോഗം മൂർച്ഛിച്ചതും വാർഷിക ഉത്പാദനം 10 തേങ്ങയിൽ കുറവുള്ളതുമായ തെങ്ങുകളുടെ കൃത്യവിവരം ശേഖരിക്കുക.

8. **നഴ്സറി പ്രവർത്തനങ്ങൾ**

8.1. സാധിക്കുന്നിടത്തോളം സിപിഎസ്കൾ പ്രാദേ ശികമായി ഗുണനിലവാരമുള്ള തെങ്ങിൻ തൈകൾ ഉത്പാദിപ്പിക്കുവാനായി വാർഷിക ഉത്പാദനം 80ൽ കൂടുതലുള്ളതും 25 വർഷത്തിന് മുകളിൽ പ്രായമുള്ളതുമായ നെടിയ ഇനം തെങ്ങുകളുടെയും വാർഷിക ഉത്പാദനം 100 തേങ്ങയിൽ കൂടുതലുള്ളതും കുറഞ്ഞത് 10 വർഷം പ്രായമുള്ളതുമായ കുറിയ ഇനം തെങ്ങുകളുടെയും വിവരങ്ങൾ കൃത്യമായി ശേഖരിക്കുക.

8.2. നാളികേര വികസനബോർഡിന്റെ നഴ്സറി സ്ഥാപിക്കുന്നതിനുള്ള നിലവിലുള്ള സഹായ പദ്ധതികൾ പ്രയോജനപ്പെടുത്തുക

8.3. ഗുണനിലവാരമുള്ള വിത്തുതേങ്ങ പ്രാദേശി കമായി സംഭരിക്കുവാൻ സാദ്ധ്യമല്ലാത്ത സിപിഎസ്കൾ ഗുണമേന്മയുള്ള വിത്തുതേങ്ങ നൽകുവാൻ കഴിയുന്ന ഏജൻസികളിൽ നിന്നും ലഭ്യത ഉറപ്പാക്കുവാനുള്ള നടപടികൾ എടുക്കുക.

**9. ഫെഡറേഷൻ- ഉത്പാദക കമ്പനി രൂപീകരണം**

9.1. ഒരു പ്രദേശത്തെ 20-25 സിപിഎസ്കൾ ചേർന്ന് ഫെഡറേഷനും 10 ഫെഡറേഷനുകൾ ചേർന്ന് ഉത്പാദക കമ്പനിയും രൂപീകരിക്കുവാനുള്ള ശ്രമങ്ങൾ ഉടൻ ആരംഭിക്കുക

9.2. ഉത്പാദക കമ്പനിയുടെ ഓഹരി മൂലധന ശേഖരണത്തിന്റെ ഭാഗമായി സംഘാംഗങ്ങൾ ഓരോ വിളവെടുപ്പിനും ഒരു തെങ്ങിൽ നിന്ന് ഒരു നാളികേരമെന്ന കണക്കിൽ ശേഖരിക്കുവാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുക

10. വിവിധ വകുപ്പുകളുമായി ചേർന്നുള്ള പദ്ധതിപ്രവർത്തനങ്ങൾ

10.1. വിവിധ സർക്കാർ, സർക്കാരേതര ഏജൻസികളു മായി ചേർന്ന് ഏറ്റെടുക്കുവാൻ കഴിയുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ പരിശ്രമിക്കുക.

10.2. ത്രിതല പഞ്ചായത്തുകളുടെയും ബോർഡി ന്റെയും സഹായത്തോടെ ചെറുകിട നാളികേര സംസ്ക്കരണ പ്രൊജക്ടുകൾ സിപിഎസ് കളിൽ നടപ്പിലാക്കുക.

10.3. സംസ്ഥാനബഡ്ജറ്റിൽ നിർദ്ദേശിച്ചിരിക്കുന്ന കേര ബയോ പാർക്കുകളുടെ ആനുകൂല്യവും നാളികേര സംസ്ക്കരണത്തിന് ബോർഡിന്റെ 25 ശതമാനം ധനസഹായത്തിനു പുറമെ സംസ്ഥാനഗവൺമെന്റ് നൽകുന്ന 25 ശതമാനവും കൂടി ഉപയോഗപ്പെടുത്തി നാളികേര സംസ്ക്കരണ യൂണിറ്റുകൾ ഫെഡറേഷൻ വഴിയോ ഉത്പാദക കമ്പനി വഴിയോ ആരംഭിക്കുക.